**പതിമൂന്നാം കേരള നിയമസഭ**

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമസമിതി
# (2011-2014)

## ആറാമത് റിപ്പോർട്ട്

(2014 ജനുവരി മാസം 23-ാം തീയതി സഭയിൽ സമർപ്പിച്ചത്)

(കിർടാഡ്സിനെ സംബന്ധിച്ച്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2014

പതിമൂന്നാം കേരള നിയമസഭ

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമസമിതി

# (2011-2014)

## ആറാമത് റിപ്പോർട്ട്

(കിർടാഡ്സിനെ സംബന്ധിച്ച്)

283A/2014.

## ഉള്ളടക്കം

| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | | |
| I. സമിതിയുടെ നിർദ്ദേശങ്ങളും ശിപാർശകളും | .. | 12 |
| II. മതപരിവർത്തനം നടത്തിയ പട്ടികജാതിക്കാർക്കായി ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിനു സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച സർക്കുലർ | .. | 15 |

## പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമസമിതി

### ഘടന

അദ്ധ്യക്ഷൻ :

ശ്രീ. വി. പി. സജീന്ദ്രൻ

അംഗങ്ങൾ :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

,, കെ. അജിത്

,, ഐ. സി. ബാലകൃഷ്ണൻ

,, കോവൂർ കുഞ്ഞുമോൻ

,, പുരുഷൻ കടലുണ്ടി

,, സി. കെ. സദാശിവൻ

,, എൻ. ഷംസുദ്ദീൻ

,, വി. ശശി

,, വി. എം. ഉമ്മർ മാസ്റ്റർ

,, കെ. വി. വിജയദാസ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

,, റ്റി. മനോഹരൻ നായർ, ജോയിന്റ് സെക്രട്ടറി

,, രാജു, വൈ., ഡെപ്യൂട്ടി സെക്രട്ടറി

,, റ്റി. എം. രത്നാകരൻ, അണ്ടർ സെക്രട്ടറി.

## ആമുഖം

കേരള സംസ്ഥാനത്തിലെ ഏക പട്ടികജാതി പട്ടികവർഗ്ഗ ഗവേഷണ, പരിശീലന വികസന പഠന സ്ഥാപനമാണ് കിർടാഡ്സ് (KIRTADS—Kerala Institute for Research, Training and Development Studies of Scheduled Castes and Scheduled Tribes). ഗിരിവർഗ്ഗ പരിശീലന കേന്ദ്രം (Tribal Research Centre) എന്ന പേരിൽ അന്നത്തെ ഗിരിജനക്ഷേമ വകുപ്പിന്റെ ഭാഗമായി കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ 1970 ഏപ്രിൽ മാസത്തിലാണ് ഈ സ്ഥാപനത്തിന്റെ പ്രവർത്തനമാരംഭിച്ചത്. 1979 ഒക്ടോബർ 23-ാം തീയതി മുതൽ കിർടാഡ്സ് എന്ന പേരിൽ കേരള സർക്കാരിന്റെ ഭരണനിയന്ത്രണത്തിൽ ഒരു പ്രത്യേക വകുപ്പായി ഇത് പുനഃസംഘടിപ്പിക്കപ്പെട്ടു. ഇതോടുകൂടി ഈ പ്രവർത്തനമേഖല പട്ടികജാതിക്കാരെക്കുറിച്ചുള്ള പഠനങ്ങളിലേക്ക് കൂടി വ്യാപിച്ചു.

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമസമിതിയുടെ പരിഗണനയിലുള്ള വ്യാജജാതി സർട്ടിഫിക്കറ്റുമായി ബന്ധപ്പെട്ട പരാതികളിന്മേൽ സമയബന്ധിതമായി അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ കിർടാഡ്സിനു കഴിയാത്തതിനാൽ ഇതു സംബന്ധിച്ച് നേരിട്ട് അന്വേഷണം നടത്തി പരിഹാരം കാണുന്നതിനായി സമിതി 27-12-2012-ൽ കോഴിക്കോടുള്ള കിർടാഡ്സിന്റെ ആസ്ഥാനം സന്ദർശിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്നും തെളിവെടുപ്പ് നടത്തുകയുണ്ടായി. കിർടാഡ്സിന്റെ അന്വേഷണ റിപ്പോർട്ടുകൾ സ്ക്രൂട്ടിനി കമ്മിറ്റി മുൻപാകെ തീരുമാനമാകാതെ നിലനിൽക്കുന്നതു സംബന്ധിച്ച സ്ഥിതിവിശേഷത്തെക്കുറിച്ച് പഠിക്കുന്നതിലേക്കായി പട്ടികജാതി വികസന വകുപ്പു സെക്രട്ടറി, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പു ഡയറക്ടർ, കിർടാഡ്സ് ഡയറക്ടർ എന്നിവരിൽനിന്നും 16-1-2013-ൽ തിരുവനന്തപുരത്തുവച്ച് സമിതി തെളിവെടുപ്പു നടത്തുകയും ചെയ്തു.

പ്രസ്തുത സന്ദർശനത്തിൽ സമിതി നേരിട്ടു മനസ്സിലാക്കിയ വസ്തുതകളുടെയും ഉദ്യോഗസ്ഥരിൽനിന്നുള്ള തെളിവെടുപ്പിന്റെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ നിർദ്ദേശങ്ങളും ശിപാർശകളും ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

2014 ജനുവരി മാസം 13-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

വി. പി. സജീന്ദ്രൻ,
*ചെയർമാൻ,*
*പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമസമിതി.*

തിരുവനന്തപുരം,
2014 ജനുവരി 13.

## റിപ്പോർട്ട്

കേരള നിയമസഭയുടെ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമസമിതിയുടെ പരിഗണനയിലുള്ള ഹർജികളിൽ നല്ലൊരു ശതമാനം വ്യാജ ജാതിസർട്ടിഫിക്കറ്റ് മുഖേന ആനുകൂല്യങ്ങൾ നേടിയതുമായി ബന്ധപ്പെട്ടവയാണ്. പട്ടികജാതി പട്ടികവർഗ്ഗ ക്കാരുടെ ജാതി സംബന്ധിച്ച തർക്കങ്ങൾ ഫലപ്രദവും ആധികാരികവുമായ തരത്തിൽ അന്വേഷണം നടത്തി അന്തിമമായി തീർപ്പുകൽപ്പിക്കുവാൻ നിയോഗിക്കപ്പെട്ട ഒരു സ്ഥാപനമാണ് 'കിർടാഡ്സ്' (KIRTADS—Kerala Institute for Research, Training and Development Studies of Scheduled Castes and Scheduled Tribes). സംസ്ഥാനത്ത് നിലവിലെ സാഹചര്യത്തിൽ ജാതിസംബന്ധമായ പരാതികളിൽ ഫലപ്രദമായ രീതിയിൽ തീർപ്പുകൽപ്പിക്കുന്ന കാര്യത്തിൽ കിർടാഡ്സ് നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് മനസ്സിലാക്കുന്നതിനും പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതി തീരുമാനിക്കുകയുണ്ടായി.

2. അതിൻപ്രകാരം 27-12-2012-ന് കോഴിക്കോടുള്ള കിർടാഡ്സിന്റെ ആസ്ഥാന കാര്യാലയം സമിതി സന്ദർശിക്കുകയും വ്യാജ ജാതിസർട്ടിഫിക്കറ്റ് കരസ്ഥമാക്കി അനർഹർ ആനുകൂല്യങ്ങൾ തട്ടിയെടുക്കുന്നതു സംബന്ധിച്ചും സ്ക്രൂട്ടിനി കമ്മിറ്റി ജോലിയുമായി ബന്ധപ്പെട്ട കേസുകളിൽ കാലതാമസം കൂടാതെ തീർപ്പുകൽപ്പിക്കുന്നതിനെ സംബന്ധിച്ചും കിർടാഡ്സിന്റെ മറ്റു പ്രവർത്തനമേഖലകളെ കുറിച്ചും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്നും തെളിവെടുക്കുകയുമുണ്ടായി. തുടർന്ന്, കിർടാഡ്സിന്റെ അന്വേഷണ റിപ്പോർട്ടുകളിന്മേലുള്ള സ്ക്രൂട്ടിനി കമ്മിറ്റിയുടെ തീരുമാനങ്ങൾ അനന്തമായി നീളുന്നതിനെ സംബന്ധിച്ച് സമിതി 16-1-2013-ൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി തിരുവനന്തപുരത്തുവച്ച് ചർച്ചയും തെളിവെടുപ്പും നടത്തുകയുണ്ടായി. പ്രസ്തുത തെളിവെടുപ്പിന്റെയും ചർച്ചകളുടെയും അടിസ്ഥാനത്തിൽ സമിതി കണ്ടെത്തിയ വസ്തുതകളും, വ്യാജ ജാതിസർട്ടിഫിക്കറ്റ് കരസ്ഥമാക്കി അനർഹരായവർ സർവ്വീസ്/വിദ്യാഭ്യാസ ആനുകൂല്യങ്ങളും മറ്റവകാശങ്ങളും തട്ടിയെടുക്കുന്നതു തടയുന്നതിനുള്ള സമിതിയുടെ ശിപാർശകളും നിർദ്ദേശങ്ങളും ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

3. പട്ടികജാതിക്കാരുടെയും പട്ടികവർഗ്ഗക്കാരുടെയും സമഗ്രവികസനത്തിന് പ്രതിബന്ധമുണ്ടാക്കുന്ന ഒരു പ്രധാന ഘടകമാണ് വ്യാജ ജാതിസർട്ടിഫിക്കറ്റ് കരസ്ഥമാക്കി ആനുകൂല്യങ്ങൾ തട്ടിയെടുക്കുക എന്നത്. പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെടുന്നു എന്ന വ്യാജരേഖ സൃഷ്ടിച്ചുകൊണ്ടോ ലഭ്യമാക്കിക്കൊണ്ടോ ആണ് മേൽപ്പറഞ്ഞ ക്രമക്കേടുകൾ കാണിക്കുന്നത്. പട്ടികജാതി പട്ടികവർഗ്ഗക്കാർക്കായുള്ള ജാതിസർട്ടിഫിക്കറ്റുകൾ നൽകാൻ നിയുക്തരാക്കിയിരിക്കുന്നത് കേരളത്തിൽ ബന്ധപ്പെട്ട തഹസിൽദാരോ ആ തസ്തികയ്ക്ക് മുകളിലുള്ള മറ്റു റവന്യൂ ഉദ്യോഗസ്ഥരോ ആണ്. പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് സംവരണം ചെയ്യപ്പെട്ടിരിക്കുന്ന ആനുകൂല്യങ്ങൾ തട്ടിയെടുക്കുന്ന വ്യക്തികളും സമുദായങ്ങളും നിരവധിയാണെന്ന് കിർടാഡ്സിന്റെ അന്വേഷണ റിപ്പോർട്ടുകൾ കാണിക്കുന്നു. വ്യാജ ജാതിസർട്ടിഫിക്കറ്റുകൾ ഉപയോഗിച്ച് പ്രധാനമായും സംവരണം ചെയ്യപ്പെട്ട ഉന്നതോദ്യോഗാവസരങ്ങൾ, പ്രൊഫഷണൽ/സാങ്കേതിക വിദ്യാഭ്യാസരംഗത്തെ പ്രവേശനം മുതലായവയാണ്

ഇത്തരക്കാർ തട്ടിയെടുക്കുന്നത്. പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ പുരോഗതിക്ക് പ്രതിബന്ധങ്ങളായ പ്രധാന പ്രശ്നങ്ങളിലൊന്നായ പ്രസ്തുത തട്ടിപ്പുകൾ ഫലപ്രദമായി തടയേണ്ടത് അനിവാര്യമാണെന്ന കാര്യത്തിൽ ആർക്കെങ്കിലും വിയോജിപ്പുണ്ടാകുമെന്ന് സമിതി കരുതുന്നില്ല.

4. സമിതിയുടെ അന്വേഷണത്തിൽ, പട്ടികജാതി പട്ടികവർഗ്ഗ സമുദായ സർട്ടിഫിക്കറ്റുകൾ വ്യാജമായി നേടിയെടുക്കാൻ താഴെപ്പറയുന്ന പഴുതുകൾ വ്യാപകമായി സ്വീകരിച്ചുവരുന്നതായി മനസ്സിലാക്കാൻ കഴിഞ്ഞു:

(i) ജാതിപ്പേരിലെ സാമ്യത;

(ii) പൊതുപേരുകൾ ഉപയോഗിക്കൽ;

(iii) കുലത്തൊഴിലിലെ സാമ്യം;

(iv) അന്യസംസ്ഥാനങ്ങളിൽ നിന്ന് കുടിയേറിയതിന്റെ മറവിൽ ജാതിമാറ്റം;

(v) ഭൂപ്രദേശത്തിന്റെ മാറ്റപ്പെട്ട അവസ്ഥ;

(vi) സംഘടനകൾ രജിസ്റ്റർ ചെയ്യുക;

(vii) സെൻസസിൽ സമുദായപ്പേര് തെറ്റായി ചേർക്കൽ;

(viii) സ്കൂൾ പ്രവേശന സമയത്ത് തെറ്റായി റിപ്പോർട്ട് ചെയ്യുക;

(ix) റവന്യൂ അധികാരികളിൽ നിന്നല്ലാതെ സമ്പാദിക്കുന്ന വ്യാജ ജാതി സർട്ടിഫിക്കറ്റുകൾ.

5. ജാതിസർട്ടിഫിക്കറ്റുകൾ നൽകാൻ നിയുക്തരായ ഉദ്യോഗസ്ഥർക്ക് തങ്ങളുടെ അധികാരപരിധിയിൽ വരുന്ന പ്രദേശത്തെ പട്ടികജാതി പട്ടികവർഗ്ഗക്കാരെ കുറിച്ച് വ്യക്തമായ അറിവുണ്ടായിരിക്കേണ്ടതാണ് എന്നതാണ് വ്യവസ്ഥ. പലപ്പോഴും തന്റെ ഓഫീസിലെ മുൻഗാമി അറിഞ്ഞോ അറിയാതെയോ ഒരാൾക്ക് നൽകിയ തെറ്റായ സർട്ടിഫിക്കറ്റിന്റെ ആധികാരികതയെ ചോദ്യം ചെയ്യാൻ പിൻഗാമികളായി വരുന്ന അധികാരികൾ തയ്യാറാകാറില്ല. ജാതിസർട്ടിഫിക്കറ്റ് നൽകുമ്പോൾ ശ്രദ്ധിക്കേണ്ടതും ഗവൺമെന്റ് കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്നതുമായ നിർദ്ദേശങ്ങൾ/ഗവൺമെന്റ് ഉത്തരവുകൾ ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും പ്രത്യേകിച്ച് വില്ലേജ് ഓഫീസർമാർക്ക് തക്കസമയത്ത് ലഭ്യമാക്കാത്തതും വ്യാജ ജാതിസർട്ടിഫിക്കറ്റുകൾ സംബന്ധിച്ച തട്ടിപ്പുകൾ ആരംഭത്തിൽത്തന്നെ കണ്ടുപിടിക്കാതിരിക്കാൻ കാരണമായിത്തീരുന്നു.

6. ഗിരിവർഗ്ഗ ഗവേഷണ പരിശീലന കേന്ദ്രം എന്നപേരിൽ ഹരിജനക്ഷേമ വകുപ്പിന്റെ ഭാഗമായി 1970 ഏപ്രിൽ മാസത്തിലാണ് കിർടാഡ്സിന്റെ പ്രവർത്തനം ആരംഭിച്ചത്. പിന്നീട് ഗിരിജനക്ഷേമ വകുപ്പിന്റെ രൂപീകരണത്തോടുകൂടി 1979 ഒക്ടോബർ ആദ്യംവരെ ഗിരിജനക്ഷേമ വകുപ്പിന്റെ ഭാഗമായും പ്രവർത്തിച്ചു. 1979 ഒക്ടോബറിൽ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിസർച്ച്, ട്രെയിനിംഗ് ആന്റ് ഡവലപ്മെന്റ് സ്റ്റഡീസ് ഓഫ് ഷെഡ്യൂൾഡ് കാസ്റ്റ്സ് ആന്റ് ഷെഡ്യൂൾഡ് ട്രൈബ്സ് (കിർടാഡ്സ്) എന്ന

പേരിൽ ഒരു പ്രത്യേക വകുപ്പായി ഇത് പുനഃസംഘടിപ്പിക്കപ്പെട്ടു. പട്ടികജാതി പട്ടികവർഗ്ഗ ജനവിഭാഗങ്ങളെക്കുറിച്ചും അവരുടെ ഉന്നമനത്തിനായി സർക്കാരും മറ്റ് ഏജൻസികളും ആവിഷ്കരിച്ച് നടപ്പാക്കുന്ന വിവിധ പദ്ധതികളെപ്പറ്റിയും അടിസ്ഥാനപരമായ ഗവേഷണപഠനങ്ങൾ നടത്തുക, വികസനപ്രവർത്തനങ്ങൾ നടത്തുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക, ഉദ്യോഗസ്ഥൻമാർക്കും ക്ഷേമപദ്ധതികളുടെ ഗുണഭോക്താക്കളായ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട വ്യക്തികൾക്കും പരിശീലനം നൽകുക, വിവിധ പദ്ധതികൾകൊണ്ടുള്ള പ്രയോജനം ഈ വിഭാഗക്കാർക്ക് എത്രമാത്രം ലഭ്യമായി എന്നതിനെക്കുറിച്ച് വിലയിരുത്തൽ നടത്തുക, വ്യാജ ജാതിസർട്ടിഫിക്കറ്റുകൾ ഉപയോഗിച്ച് സംവരണാനുകൂല്യങ്ങൾ അന്യസമുദായക്കാർ തട്ടിയെടുക്കുന്നതു തടയുന്നതിനുള്ള പൊതുവായ അന്വേഷണ റിപ്പോർട്ടുകൾ തയ്യാറാക്കുക എന്നിവയാണ് ഈ വകുപ്പിന്റെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ. മുഖ്യമായും ഗവേഷണ വിഭാഗം, പരിശീലന വിഭാഗം, വികസന പഠന വിഭാഗം എന്നീ മൂന്ന് മേഖലകളിലായാണ് ഈ സ്ഥാപനത്തിന്റെ പ്രവർത്തനം. ഇതിനുപുറമേ ഒരു ലൈബ്രറിയും നരവംശശാസ്ത്ര മ്യൂസിയവും ആദികലാകേന്ദ്രവും കിർടാഡ്സിനു കീഴിൽ പ്രവർത്തിച്ചുവരുന്നു. കേരള സർക്കാരിന്റെകീഴിൽ പ്രവർത്തിക്കുന്ന ഇതര വകുപ്പുകളിൽനിന്നും വ്യത്യസ്തമായ ഒരു ഘടനയാണ് ഈ വകുപ്പിനുള്ളത്. ഇതിന്റെ പ്രവർത്തനമേഖല സംസ്ഥാന വ്യാപകമാണെങ്കിലും ഇതര വകുപ്പുകൾക്കുള്ളതു പോലെ മേഖലാടിസ്ഥാനത്തിലോ ജില്ലാടിസ്ഥാനത്തിലോ ഓഫീസുകൾ ഈ വകുപ്പിനില്ല. ഇതിന്റെ എല്ലാ പ്രവർത്തനങ്ങളും ആസ്ഥാനമായ കോഴിക്കോട് കേന്ദ്രമായാണ് നടത്തിവരുന്നത്.

7. പട്ടികജാതിക്കാരുടെയും പട്ടികവർഗ്ഗക്കാരുടെയും സമഗ്രവികസനത്തിന് തടസ്സംനിൽക്കുന്ന ഒരു പ്രധാന ഘടകമാണ് വ്യാജ ജാതിസർട്ടിഫിക്കറ്റുകൾവഴി ആനുകൂല്യങ്ങൾ തട്ടിയെടുക്കുന്ന സ്ഥിതിവിശേഷം. ഇത്തരത്തിൽ സംശയാസ്പദമായ ജാതിസർട്ടിഫിക്കറ്റുകളെക്കുറിച്ച് അന്വേഷിക്കുകയും അന്വേഷണ റിപ്പോർട്ടുകൾ ഗവൺമെന്റിലേക്ക് തുടർനടപടികൾക്ക് സമർപ്പിക്കുകയും ചെയ്യുക എന്നത് കിർടാഡ്സിന്റെ ഗവേഷണ വിഭാഗത്തിന്റെ പ്രധാന ചുമതലയാണ്.

8. 1996-ലെ കേരള (പട്ടികജാതി പട്ടികവർഗ്ഗങ്ങൾ) സർട്ടിഫിക്കറ്റ് നൽകുന്നത് ക്രമപ്പെടുത്തൽ ആക്ട് (1996-ലെ 11-ാം ആക്ട്) നിലവിൽ വന്നതിന്റെ അടിസ്ഥാനത്തിൽ ഈ വകുപ്പിലെ നരവംശ ശാസ്ത്ര വിഭാഗത്തെ ജാതി നിർണ്ണയിക്കുന്നതിനുള്ള വിദഗ്ദ്ധ ഏജൻസിയായി സർക്കാർ അംഗീകരിച്ചു. ഒരു അന്വേഷണം നടത്തുമ്പോൾ വിചാരണ ചെയ്യുന്നതിനുവേണ്ടി വിദഗ്ദ്ധ ഏജൻസിക്ക് 1908-ലെ സിവിൽ നടപടി നിയമസംഹിത പ്രകാരം ഒരു സിവിൽ കോടതിക്കുള്ള എല്ലാ അധികാരങ്ങളും നൽകിയിട്ടുണ്ട്. സംശയാസ്പദമായ സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിൽ ഗവ. സർവ്വീസിൽ പ്രവേശിച്ചവരുടെ കേസ്സുകൾ, താലൂക്ക് തഹസിൽദാർ മുൻപാകെ വരുന്ന സംശയാസ്പദമായ സമുദായ നിർണ്ണയ കേസ്സുകൾ, പ്രൊഫഷണൽ കോഴ്സുകളിലേക്ക് പട്ടികജാതി പട്ടികവർഗ്ഗ സംവരണത്തിലേക്ക് വർഷംതോറും വരുന്ന സംശയാസ്പദമായ അപേക്ഷകൾ സമുദായ സംഘടനകൾ/വ്യക്തികൾ മുതലായവരിൽനിന്നും വരുന്ന സമുദായ നിർണ്ണയ പ്രശ്നങ്ങൾ തുടങ്ങി നരവംശ ശാസ്ത്രപരമായ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ട് നൽകേണ്ട അനവധി വിഷയങ്ങൾ സമിതിയുടെ തീർപ്പിനായി എത്തിച്ചേരുന്നു.

9. പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രവേശനം അനുവദിക്കുന്നതിന് സമർപ്പിക്കുന്ന അപേക്ഷകൾ പരിശോധിച്ച് തട്ടിപ്പുകാരെ കണ്ടെത്തി പുറത്താക്കുന്നതിനുള്ള സ്ക്രീനിംഗ് കമ്മിറ്റി, വ്യാജ ജാതിസർട്ടിഫിക്കറ്റ് സമ്പാദിച്ച് ജോലി നേടിയവരെ കണ്ടെത്തി പുറത്താക്കുന്നതിനുള്ള സ്ക്രൂട്ടിനി കമ്മിറ്റി എന്നിവയ്ക്കുവേണ്ടി നരവംശ ശാസ്ത്രപരമായ അന്വേഷണം നടത്തുന്നതിനു കിർടാഡ്സിന്റെ ഗവേഷണ വിഭാഗത്തിൽ ഒരു പ്രത്യേക വിജിലൻസ് സെൽ രൂപീകരിച്ചിട്ടുണ്ട്.

10. കിർടാഡ്സിന്റെ പരിഗണനയിൽ വരുന്ന വ്യാജജാതി സംബന്ധമായ കേസുകളിൽ തീർപ്പുകൽപ്പിക്കുന്നതിന് കാലതാമസമുണ്ടാകുന്നതിനുള്ള പ്രധാന കാരണമായി സമിതിക്ക് ബോദ്ധ്യപ്പെട്ടത് ഇതിന്മേൽ രണ്ടു മൂന്നു തലങ്ങളിൽ അന്വേഷണം നടത്തേണ്ടതായിട്ടുള്ളതുകൊണ്ടെന്നാണ്. അന്വേഷണത്തിന്റെ പ്രാരംഭനടപടികൾ, നോട്ടീസ് നൽകൽ, ഫീൽഡുതല അന്വേഷണം എന്നിവയാണ്. സാമൂഹ്യമായും സാംസ്കാരികവുമായും തനതായ പ്രത്യേകതകളോടു കൂടിയവയാണ് ഓരോ സമുദായവും. വംശവൃക്ഷാവലിയുടെ അടിസ്ഥാനത്തിൽ ശേഖരിക്കുന്ന വസ്തുതകളുടേയും സമുദായത്തിന്റെ സാമൂഹികവും സാംസ്കാരികവുമായ സവിശേഷതകളെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടുള്ള പരിശോധനകളുടെയും വെളിച്ചത്തിലാണ് സമുദായ നിർണ്ണയവുമായി ബന്ധപ്പെട്ട നിഗമനങ്ങളിൽ എത്തിച്ചേരുന്നത്. 1950-ന് മുൻപ് വിദേശ രാജ്യങ്ങളിൽനിന്നും മറ്റു സംസ്ഥാനങ്ങളിൽ നിന്നും കുടിയേറിപ്പാർത്തവർക്കു മാത്രമേ ജാതിയുടെ ആനുകൂല്യം കൊടുക്കുന്നുള്ളൂ വെന്നും 1950-നുശേഷം കുടിയേറിപ്പാർത്തവർക്ക് ജാതിയുടെ ആനുകൂല്യം കൊടുക്കുന്നില്ലയെന്നും സമിതിക്ക് അറിയാൻ കഴിഞ്ഞു.

11. കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും 50:50 എന്ന അനുപാതക്രമത്തിലാണ് കിർടാഡ്സിന്റെ വാർഷിക സാമ്പത്തിക ചെലവുകൾക്കുള്ള ഫണ്ടനുവദിച്ചു വരുന്നത്. കിർടാഡ്സ് ഇപ്പോൾ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന തിനാൽ പട്ടികവർഗ്ഗ വികസന ഫണ്ട് മാത്രമാണ് ലഭിക്കുന്നത്. പട്ടികജാതി വികസന ഫണ്ട് കിർടാഡ്സിന് കിട്ടുന്നില്ലെന്നും സ്ക്രൂട്ടിനി കമ്മിറ്റിക്ക് ആറുമാസ മായി ചെയർമാനില്ലെന്നും കിർടാഡ്സിന്റെ കേസുകൾ കൈകാര്യം ചെയ്യുന്നതിന് സ്റ്റാൻഡിംഗ് കൗൺസിൽ നിലവിൽ ഇല്ലെന്നും സമിതിക്ക് ബോദ്ധ്യപ്പെട്ടു. ആയതിനാൽ സ്ക്രൂട്ടിനി കമ്മിറ്റിക്ക് അടിയന്തരമായി ചെയർമാനെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ കിർടാഡ്സിന്റെ കേസുകൾ കൈകാര്യം ചെയ്യാൻ ഒരു സ്റ്റാൻഡിംഗ് കൗൺസിൽ രൂപീകരിക്കുന്നതിനും കിർടാഡ്സിന് പട്ടികജാതി വികസന ഫണ്ട് ലഭ്യമാക്കുന്നതിനും വേണ്ട നടപടി കൈക്കൊള്ളണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

12. കേരളത്തിൽ വ്യാജ ജാതിസർട്ടിഫിക്കറ്റ് സമ്പാദിച്ച് അനർഹർ ആനുകൂല്യം കൈപ്പറ്റുന്നത് സർവ്വസാധാരണമായിരിക്കുകയാണ്. ഇതു സംബന്ധിച്ച നിരവധി കേസുകൾ തീർപ്പാകാതെ സമിതിയുടെ പരിഗണനയിലുണ്ട്. ഇവയെല്ലാം കിർടാഡ്സിന്റെ പരിഗണനയ്ക്കാണ് വരുന്നത്. ഇക്കാരണത്താൽ ഗൗരവമേറിയ വിഷയങ്ങളിൽ കിർടാഡ്സിന് സമയബന്ധിതമായി തീർപ്പുകൽപ്പിക്കാൻ സാധിക്കാതെവരുന്ന ഒരു സ്ഥിതിവിശേഷം നിലനിൽക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ജില്ലാതല സ്ക്രൂട്ടിനി കമ്മിറ്റി ഉണ്ടായിരുന്നെങ്കിൽ ഇക്കാര്യത്തിൽ

ഒരു പരിധിവരെ പരിഹാരം കാണാമായിരുന്നുവെന്ന് സമിതി വിലയിരുത്തുന്നു. മറ്റു സംസ്ഥാനങ്ങളിലെ സമാന പ്രവർത്തനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിൽ മാത്രമാണ് ജില്ലാതല സ്ക്രൂട്ടിനി കമ്മിറ്റി ഇല്ലാത്തതെന്നും ചില കേസുകളിൽ ജില്ലാതലത്തിൽ പരിഹാരംകണ്ടാൽ മതിയാകുമെന്നും വിജിലൻസ് ഓഫീസർ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി. ഇതിന് അടിയന്തരമായി പരിഹാരം കാണേണ്ടത് അനിവാര്യമാണെന്ന് സമിതി കരുതുന്നു. ആയതിനാൽ നിലവിൽ സംസ്ഥാനതലത്തിൽ പ്രവർത്തിക്കുന്ന സ്ക്രൂട്ടിനി കമ്മിറ്റികൾ വികേന്ദ്രീകരിച്ച് ജില്ലാടിസ്ഥാനത്തിൽ കളക്ടർ ചെയർമാനായും റവന്യൂ ഡിവിഷണൽ ഓഫീസർ, പട്ടികജാതി വികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ എന്നിവരും കിർടാഡ്സിലെ ഒരു നരവംശ ശാസ്ത്രജ്ഞനും (Anthropologist) അംഗങ്ങളായും ഉളള ഒരു സ്ക്രൂട്ടിനി കമ്മിറ്റി രൂപീകരിച്ച് ജില്ലാടിസ്ഥാനത്തിൽത്തന്നെ പരാതികൾക്ക് തീർപ്പുകൽപ്പിക്കത്തക്ക രീതിയിൽ എല്ലാ ജില്ലകൾക്കും ഓരോ ജില്ലാതല സ്ക്രൂട്ടിനി കമ്മിറ്റി രൂപീകരിക്കുന്നതിനുളള അടിയന്തരനടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

13. കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളെ കൂടാതെ കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷന്റെയും പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും നിർദ്ദേശപ്രകാരം പിന്നോക്ക വിഭാഗത്തിൽപ്പെട്ട സമുദായങ്ങളെ സംബന്ധിച്ചുളള പഠനങ്ങളും കിർടാഡ്സിന്റെ ഗവേഷണവിഭാഗം നടത്തുന്നുണ്ട്. കഴിഞ്ഞ രണ്ടുവർഷമായി ഒ.ബി.സി. വിഭാഗത്തിലെ വ്യാജജാതി സംബന്ധിച്ചുള്ള കേസുകളും കിർടാഡ്സാണ് കൈകാര്യം ചെയ്യുന്നതെന്നും എല്ലാ ജില്ലകളിലും കേസുകൾ നിലവിലുണ്ടെന്നും ഒ.ബി.സി. കേസുകൾ കൈകാര്യം ചെയ്യുന്നതിന് ഒരു ജില്ലയ്ക്ക് ഒരാളെന്ന നിലയിൽ 14 റിസർച്ച് അസിസ്റ്റന്റുമാരെങ്കിലും ആവശ്യമാണെന്നും മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ വ്യാജ ജാതിസർട്ടിഫിക്കറ്റ് സംബന്ധിച്ചുള്ള ഒ.ബി.സി. വിഭാഗത്തിലെ ജില്ലാതല കേസുകൾ കൈകാര്യം ചെയ്യുന്നതിന് റിസർച്ച് അസിസ്റ്റന്റുമാരുടെ 14 തസ്തികകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

14. ഒരു വ്യക്തി ഏതു ജാതിയിൽപ്പെട്ട ആളാണെന്ന് അന്വേഷിച്ചു കണ്ടെത്തുകയെന്നത് റവന്യൂ വകുപ്പിന്റെ ചുമതലയാണ്. അതുപോലെ ജാതിസർട്ടിഫിക്കറ്റ് നൽകുന്നതും റവന്യൂ വകുപ്പിൽനിന്നാണ്. ജാതി സംബന്ധമായ രേഖകൾ പരിശോധിച്ചും പ്രാദേശികതലത്തിൽ അന്വേഷണം നടത്തിയുമാണ് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഒരു വ്യക്തിക്ക് ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള ശിപാർശ വില്ലേജാഫീസർ തഹസിൽദാർക്ക് നൽകിവരുന്നത്. എന്നിരുന്നാലും കേരളത്തിലെ വിവിധ പ്രദേശങ്ങളിൽ പട്ടികജാതിയിൽപ്പെടുന്നവരുടെ ആനുകൂല്യങ്ങൾ തട്ടിയെടുക്കുന്നതായി ധാരാളം റിപ്പോർട്ടുകൾ ലഭിക്കാറുണ്ട്. സ്ക്രൂട്ടിനി കമ്മിറ്റിയിൽ വരുന്ന കാര്യങ്ങൾ യഥാസമയം പരിശോധിച്ച് തീരുമാനമെടുക്കാതെ വരുന്നതിനാൽ വ്യാജന്മാർ ദീർഘകാലം സർവ്വീസിൽ തുടരുകയാണെന്ന് സമിതി മനസ്സിലാക്കുന്നു. കിർടാഡ്സ് നടത്തുന്ന ആന്ത്രോപോളജി സ്റ്റഡി തികച്ചും കുറ്റമറ്റതാണെന്ന് സമിതി കരുതുന്നില്ല. 18 വയസ് കഴിഞ്ഞ ഒരു പൗരന് ഏതു മതവും സ്വീകരിക്കാനുള്ള അവകാശം ഭരണഘടന നൽകുന്നുണ്ട്. മിശ്രവിവാഹിതരാകുന്ന ദമ്പതികളുടെ മക്കൾ

ഏതു ജാതിയാണോ അവകാശപ്പെടുന്നത് അതിൽ അവരെ ഉൾപ്പെടുത്തേണ്ടതാണ്. അതുപോലെ മിശ്രവിവാഹിതരുടെ കാര്യത്തിലും റീ-കൺവേർഷന്റെ കാര്യത്തിലും കിർടാഡ്സിന്റെ നിലപാടിനോട് സമിതിക്ക് യോജിക്കാനാവുന്നില്ല. കിർടാഡ്സ് കൊടുക്കുന്ന റിപ്പോർട്ടുകൾ അതേപടി സ്ക്രൂട്ടിനി കമ്മിറ്റി അംഗീകരിക്കുന്ന ഒരു പതിവാണ് കണ്ടുവരുന്നത്. ഗസറ്റ് നോട്ടിഫിക്കേഷനിലൂടെ ജാതിപ്പേര് മാറ്റുന്നതിനെ കിർടാഡ്സ് അംഗീകരിക്കുന്നുണ്ടെന്നാണ് സമിതി മനസ്സിലാക്കുന്നത്. എന്നാൽ മിശ്രവിവാഹിതരുടെ കാര്യത്തിൽ ഏറ്റവുംകൂടുതൽ പ്രശ്നമുണ്ടാകുന്നത് ക്രിസ്തുമതത്തിൽനിന്നും മതപരിവർത്തനം നടത്തി ഹിന്ദുമതത്തിലേക്ക് തിരിച്ചു വരുമ്പോഴാണ്. നിലവിലുള്ള പരാതികൾ ഒഴിവാക്കുന്നതിനും യഥാർത്ഥ പട്ടികജാതിക്കാർക്ക് ജാതിസർട്ടിഫിക്കറ്റ് കാലതാമസംകൂടാതെ ലഭ്യമാക്കുന്നതിനുംവേണ്ടി മതപരിവർത്തനം നടത്തിയ പട്ടികജാതിക്കാർക്ക് ജാതിസർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള നടപടിക്രമം വിശദീകരിച്ചുകൊണ്ട് 15-12-1987 തീയതിയിൽ 18421/ഇ2/87/പജ.പവ. വിവ. നമ്പരായി സംസ്ഥാന സർക്കാർ ഒരു സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട് (അനുബന്ധം-II ആയി ചേർത്തിരിക്കുന്നു). ഇക്കാര്യത്തിൽ പ്രസ്തുത സർക്കുലറിലെ വ്യവസ്ഥകൾ കർശനമായി പാലിക്കുവാൻ ബന്ധപ്പെട്ടവർ നിഷ്കർഷ പാലിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

15. ഒരു സമുദായത്തിൽപ്പെട്ടയാൾ വ്യാജരേഖകളുടെ അടിസ്ഥാനത്തിൽ വേറൊരു സമുദായത്തിൽപ്പെട്ട ആളിന്റെ അവസരം തട്ടിയെടുക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്. വ്യാജ ജാതിസർട്ടിഫിക്കറ്റ് ഹാജരാക്കി ജോലിയും തുടർന്ന് പ്രൊമോഷനുകളും നേടിയതുമായി ബന്ധപ്പെട്ട നിരവധി പരാതികളിന്മേൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സർവ്വീസിൽനിന്നും വിരമിച്ചതിനുശേഷമായിരിക്കും കിർടാഡ്സിന്റെ തീരുമാനംവരുന്നത്. അല്ലെങ്കിൽ സർവ്വീസുകാലം അവസാനിക്കുന്നതുവരെ ഇത്തരം തീരുമാനങ്ങൾ നീട്ടിക്കൊണ്ടുപോകുന്നതായും കാണാവുന്നതാണ്. ഇത്തരത്തിൽ വ്യാജ ജാതിസർട്ടിഫിക്കറ്റ് കരസ്ഥമാക്കി സർക്കാർ സർവ്വീസ് പൂർത്തിയാക്കിയ ഒരു വ്യക്തിയാണ് ശ്രീമതി എൻ. ജെ. പൊന്നമ്മ. കുറിച്ചി ഗവ. ഹൈസ്ക്കൂളിലെ പ്രധാനാദ്ധ്യാപിക ശ്രീമതി എൻ. ജെ. പൊന്നമ്മ വ്യാജ പട്ടികജാതി (ചേരമർ) സർട്ടിഫിക്കറ്റ് ഉപയോഗിച്ച് ആനുകൂല്യങ്ങളും സർക്കാർ ജോലിയും സമ്പാദിച്ചതായുള്ള ആരോപണം ഉന്നയിച്ച് ചെങ്ങന്നൂർ പട്ടികജാതി പട്ടികവർഗ്ഗ ഫെഡറേഷൻ സെക്രട്ടറി ശ്രീ. സുനിൽ കേരളനിയമസഭയുടെ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമസമിതി മുമ്പാകെ പരാതി സമർപ്പിക്കുകയുണ്ടായി. പ്രസ്തുത ഹർജിയിന്മേൽ പട്ടികജാതി പട്ടികവർഗ്ഗ വികസന (ജി) വകുപ്പിന്റെ റിപ്പോർട്ടിൽ ശ്രീമതി എൻ. ജെ. പൊന്നമ്മയുടെ ജാതി സംബന്ധിച്ച് കിർടാഡ്സ് മുഖേന അന്വേഷണം നടത്തിയതിൽ പ്രസ്തുത വ്യക്തി പരിവർത്തിത ക്രിസ്ത്യൻ ജാതിയിൽപ്പെടുന്ന വ്യക്തിയാണെന്ന് കണ്ടെത്തുകയുണ്ടായിയെന്നും തുടർന്ന് കേസ് ബഹു. സുപ്രീം കോടതിയുടെ ഉത്തരവനുസരിച്ച് രൂപീകരിക്കപ്പെട്ട സ്ക്രൂട്ടിനി കമ്മിറ്റിയുടെ തീരുമാനത്തിന് സമർപ്പിക്കുകയും ചെയ്തതായും പരാമർശിച്ചിരുന്നു.

ശ്രീമതി എൻ. ജെ. പൊന്നമ്മ പട്ടികജാതി വിഭാഗത്തിൽപ്പെട്ടയാളല്ലെന്ന് ബോദ്ധ്യപ്പെട്ട സ്ക്രൂട്ടിനി കമ്മിറ്റി അവരുടെ ഹിന്ദു ചേരമർ (പട്ടികജാതി) അവകാശവാദം നിരസിച്ചുകൊണ്ട് 17-8-1997-ലെ 8078/ജി2/96/എസ്.സി.എസ്.റ്റി. ഡി.ഡി. നമ്പർ പ്രകാരം നടപടിയുത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

16. കോട്ടയം ജില്ലാ അഡൽറ്റ് എഡ്യൂക്കേഷൻ ഓഫീസറായി ജോലി നോക്കിവന്നിരുന്ന ശ്രീമതി എൻ. ജെ. പൊന്നമ്മയുടെ പട്ടികജാതി അവകാശവാദം വ്യാജമാണെന്ന് സ്ക്രൂട്ടിനി കമ്മിറ്റിക്കു ബോധ്യമായതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി പൊന്നമ്മ പട്ടികജാതിക്കാരിയെന്ന വ്യാജേന നേടിയ ആനുകൂല്യങ്ങൾ തിരിച്ചുപിടിക്കണമെന്നും പട്ടികജാതി സംവരണ തസ്തികയിൽ നിയമനം നേടിയ അവരെ പിരിച്ചുവിട്ട് പകരം പ്രസ്തുത തസ്തികയിൽ പട്ടികജാതിയിൽപ്പെട്ടയാൾക്ക് നിയമനം നൽകണമെന്നും ശ്രീമതി പൊന്നമ്മയുടെ പേരിൽ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കണമെന്നും നിർദ്ദേശിച്ചുകൊണ്ട് 14-10-1997-ലെ ജി.ഒ. (എംഎസ്.) 90/97/എസ്.സി.എസ്.റ്റി.ഡി.ഡി. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. എന്നാൽ ഈ ഉത്തരവിനെതിരായി ശ്രീമതി എൻ. ജെ. പൊന്നമ്മ ബഹു. ഹൈക്കോടതിയിൽ 19250/97 നമ്പർ റിട്ട് പെറ്റീഷൻ ഫയൽ ചെയ്യുകയും, അതിന്മേൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച അന്തിമ വിധിന്യായത്തിൽ സ്ക്രൂട്ടിനി കമ്മിറ്റിയുടെ നടപടി ഉത്തരവ് റദ്ദാക്കുകയും അവർക്കെതിരെ 1996-ലെ 11-ാം ആക്ട് പ്രകാരം നടപടി സ്വീകരിക്കുന്നതിന് സർക്കാരിന് സ്വാതന്ത്ര്യ മുണ്ടായിരിക്കുമെന്ന് വിധിക്കുകയും ചെയ്യുകയുണ്ടായി.

17. ബഹു. ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അന്വേഷണ റിപ്പോർട്ടും അനുബന്ധരേഖകളും സ്ക്രൂട്ടിനി കമ്മിറ്റി മുമ്പാകെ സമർപ്പിക്കുകയും കമ്മിറ്റി ശ്രീമതി എൻ. ജെ. പൊന്നമ്മയ്ക്ക് കാരണംകാണിക്കൽ നോട്ടീസ് അയയ്ക്കുകയും ചെയ്യുകയുണ്ടായി. സ്ക്രൂട്ടിനി കമ്മിറ്റി, റിപ്പോർട്ട് പരിശോധിക്കുകയും ശ്രീമതി എൻ. ജെ. പൊന്നമ്മയ്ക്ക് അവരുടെ ഭാഗം സമർത്ഥിക്കുന്നതിനായി കൂടിക്കാഴ്ചയ്ക്കുള്ള അവസരം നൽകുകയും ചെയ്തു. 19-5-2011-ലെ 4714/ജി2/01/പജ.പവ.വിവ നമ്പർ പ്രൊസീഡിംഗ്സ് പ്രകാരം ശ്രീമതി എൻ. ജെ. പൊന്നമ്മ പട്ടികജാതി (ചേരമർ) സമുദായാംഗമല്ലെന്നും മറിച്ച് ക്രിസ്തുമതാനുയായി ആണെന്നും കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ 10-8-2011-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 81/2011/പജ.പവ.വിവ. പ്രകാരം ശ്രീമതി പൊന്നമ്മയും കുടുംബാംഗങ്ങളും പട്ടികജാതിക്കാർക്കുള്ള യാതൊരുവിധ ആനുകൂല്യങ്ങൾക്കും അർഹതയുണ്ടായിരിക്കുന്നതല്ലെന്ന് ഉത്തരവായിട്ടുള്ളതായി സമിതിയെ അറിയിക്കുകയും ചെയ്തു. ഇതു സംബന്ധിച്ച ഗവൺമെന്റ് റിപ്പോർട്ട് പരിഗണിച്ച സമിതി പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ലഭിക്കേണ്ട ആനുകൂല്യം മറ്റുള്ളവർ തട്ടിയെടുക്കുന്നതിനെതിരെ ഗവൺമെന്റ് നടപടി സ്വീകരിക്കണമെന്നും 14-10-97-ലെ ജി.ഒ.(എംഎസ്.) 90/97/ പജ.പവ.വിവ. ഉത്തരവുപ്രകാരം, ശ്രീമതി എൻ. ജെ. പൊന്നമ്മ പട്ടികജാതിക്കാരിയെന്ന വ്യാജേന നേടിയ ആനുകൂല്യങ്ങൾ തിരിച്ചുപിടിച്ചോയെന്ന് ആരായുകയുണ്ടായി. കൂടാതെ ഭാവിയിൽ ഇത്തരം നടപടികൾ ആവർത്തിക്കാതിരിക്കാൻ നിയമനിർമ്മാണ ങ്ങളുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

18. എന്നാൽ ശ്രീമതി എൻ. ജെ. പൊന്നമ്മയും കുടുംബാംഗങ്ങളും പട്ടികജാതി (ചേരമർ) ജാതിയിൽ ഉൾപ്പെടുന്നവരല്ലെന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും, ശ്രീമതി പൊന്നമ്മയുടെ വിഷയത്തിൽ, ബഹു. ഹൈക്കോടതി ഇടക്കാല സ്റ്റേ പുറപ്പെടുവിച്ചിട്ടുള്ളതിനാൽ 10-8-2011-ലെ സ.ഉ.(എംഎസ്.) നമ്പർ 81/11/പജ.പവ.വിവ. നടപ്പിലാക്കാൻ സാധിച്ചിട്ടില്ലായെന്നും സ്റ്റേ ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കാൻ അഡ്വക്കേറ്റ് ജനറലിന് 28-12-2012-ലെ 16688/ജി3/2011/എസ്.സി./എസ്.റ്റി. ഡി.ഡി. നമ്പർ കത്തുപ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ടെന്നും പ്രസ്തുത കേസ് തീർപ്പാക്കി കിട്ടുന്നതിന് അഡ്വക്കേറ്റ് ജനറൽ മുഖാന്തിരം അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണെന്നുമുള്ള മറുപടിയാണ് ഗവൺമെന്റിൽ നിന്നും സമിതിക്ക് ലഭിച്ചത്.

19. നിലവിലെ കണക്കുകൾ പ്രകാരം സ്ക്രൂട്ടിനി കമ്മിറ്റി മുമ്പാകെ 85 കേസുകൾ ഉണ്ട്. അതിൽ 36 എണ്ണത്തിൽ തീരുമാനമായതാണെങ്കിലും അവ ഹൈക്കോടതിയുടെ പരിഗണനയിലാണ്; ബാക്കിയുള്ള 49 കേസുകൾ പെൻഡിംഗിലുമാണ്. ഈ 85 കേസുകളും വ്യാജ ജാതിസർട്ടിഫിക്കറ്റുമായി ബന്ധപ്പെട്ടവയും സർവ്വീസ് സംബന്ധമായവയുമാണെന്നും സമിതിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. സ്ക്രൂട്ടിനി കമ്മിറ്റി മുമ്പാകെ വിളിക്കപ്പെടുന്ന വ്യക്തിക്ക് ചട്ടപ്രകാരം ഹിയറിംഗിൽനിന്നും വിട്ടുനിൽക്കുന്നതിന്/ഹാജാരാകുന്നതിൽ നിന്നും ഒഴിവ് അനുവദിച്ചു നൽകുന്നതിന് വ്യക്തമായ ഒരു സമയപരിധി വയ്ക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. വ്യാജ ജാതി സർട്ടിഫിക്കറ്റുമായി ബന്ധപ്പെട്ട മേൽപ്പറഞ്ഞ 85 കേസുകളുടെയും വിശദവിവരങ്ങൾ അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു.

20. സർവ്വീസിലിരിക്കുമ്പോൾ വ്യാജ ജാതിസർട്ടിഫിക്കറ്റ് കരസ്ഥമാക്കി സർക്കാരിന്റെ എല്ലാ ആനുകൂല്യങ്ങളും കൈപ്പറ്റിയശേഷം സർവ്വീസിൽനിന്നും വിരമിക്കുമ്പോഴാണ് അയാൾ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളല്ലായെന്ന് മനസ്സിലാക്കാൻ കഴിയുന്നത്. എസ്.സി./എസ്.റ്റി. വിഭാഗത്തിനുള്ള ആനുകൂല്യം മറ്റ് സമുദായത്തിൽപ്പെട്ടവർ കൈക്കലാക്കിയാൽ പ്രസ്തുത വിഭാഗത്തിന് നഷ്ടപ്പെട്ട ആനുകൂല്യം തിരിച്ചു കിട്ടുന്നതിന് നിലവിൽ വ്യവസ്ഥ ഇല്ലാത്തത് വളരെ ഗുരുതരമായ ഒരു അവസ്ഥാ വിശേഷമാണെന്ന് സമിതി വിലയിരുത്തുന്നു. ഇത്തരം കേസുകളിൽ കോടതിയിൽ നിന്നുള്ള സ്റ്റേയുടെ ബലത്തിൽ അനന്തമായി സർവ്വീസിൽ തുടരുകയും പിന്നീട് എല്ലാ ആനുകൂല്യങ്ങളും വാങ്ങി സർവ്വീസിൽനിന്ന് വിരമിക്കുകയും ചെയ്യുന്ന അവസ്ഥ എസ്.സി./എസ്.റ്റി. വിഭാഗത്തോട് കാണിക്കുന്ന കടുത്ത അനീതിയായി കണക്കാക്കി അത്തരത്തിലുള്ള സ്ഥിതിവിശേഷം ഭാവിയിൽ ആവർത്തിക്കപ്പെടാതിരിക്കുവാൻ ആവശ്യമായ നിയമനിർമ്മാണം നടത്തണമെന്നും നിലവിൽ കോടതി സ്റ്റേയുടെ അടിസ്ഥാനത്തിൽ സർവ്വീസിൽ തുടരുന്നവരുടെ കേസ്സുകൾ സമയബന്ധിതമായി തീർക്കാൻ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

21. ഇപ്പോൾ പരമ്പരാഗത തൊഴിലുകൾ ഉപേക്ഷിച്ച് പലരും മറ്റു ബിസിനസ്സു കളിലേക്ക് പോയതിനാൽ കുലത്തൊഴിലിനെ അടിസ്ഥാനമാക്കി ഒരാളിന്റെ ജാതി നിർണ്ണയിക്കുന്നത് ശരിയല്ലെന്നും സംശയമുള്ള കേസുകളിൽ പൂർവ്വികരുടെ ജാതി നോക്കിയാണ് സർട്ടിഫിക്കറ്റുകൾ നൽകപ്പെടുന്നതെന്നും സമിതി മനസ്സിലാക്കുകയുണ്ടായി. ഇത്തരം കേസ്സുകളിൽ എക്സ്പേർട്ട് ഏജൻസി അന്വേഷണം നടത്തണമെന്ന ആക്ടിലെ വ്യവസ്ഥ പ്രകാരം എക്സ്പേർട്ട് ഏജൻസിയായ, കിർടാഡ്സിന്റെ വിജിലൻസ് ഓഫീസർ അന്വേഷണം നടത്തി സ്ക്രൂട്ടിനി കമ്മിറ്റിക്ക് നൽകുന്ന റിപ്പോർട്ടുകളിന്മേൽ സ്ക്രൂട്ടിനി കമ്മിറ്റി തീരുമാനമെടുക്കുമ്പോൾ അതിന്മേൽ കോടതി മുഖേന സ്റ്റേ വരുന്നത് ഗൗരവമേറിയ ഒരു പ്രശ്നമാണെന്ന് സമിതി വിലയിരുത്തുന്നു. ഇതിന് സ്ഥായിയായ ഒരു പ്രതിവിധി ഉണ്ടാകേണ്ടത് അത്യാവശ്യമാണെന്ന് സമിതി കരുതുന്നു.

22. വ്യാജ ജാതിസർട്ടിഫിക്കറ്റുമായി ബന്ധപ്പെട്ട കേസ്സുകളിൽ ഹിയറിംഗ് നടത്തി ശരിയായ രീതിയിൽ തീർപ്പാക്കാൻ സ്ക്രൂട്ടിനി കമ്മിറ്റിക്ക് നിലവിൽ അനുഭവപ്പെടുന്ന കാലതാമസത്തിന് ഉചിതമായ ഒരു പരിഹാരം കണ്ടത്തേണ്ടത് അനിവാര്യമാണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ സ്ക്രൂട്ടിനി കമ്മിറ്റി മുമ്പാകെ വരുന്ന വ്യാജ ജാതിസർട്ടിഫിക്കറ്റുമായി ബന്ധപ്പെട്ട കേസുകൾ കൈകാര്യം ചെയ്യുന്നതിനായി ക്വാസൈ ജുഡീഷ്യൽ അധികാരമുള്ള ഒരു ഉദ്യോഗസ്ഥനെ സ്പെഷ്യൽ ഓഫീസറായി നിയമിക്കുന്നതിനുവേണ്ട നടപടികൾ കൈക്കൊള്ളണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

23. പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും വേണ്ടി സംവരണം ചെയ്തിട്ടുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ സീറ്റുകളിലേക്കുള്ള പ്രവേശനത്തിനും പ്രൊഫഷണൽ കോഴ്സുകളിലെ പ്രവേശനത്തിനും പട്ടികജാതികളിലേയും പട്ടികവർഗ്ഗങ്ങളിലേയും അംഗങ്ങളിൽനിന്നുള്ള അപേക്ഷകൾക്ക് അപേക്ഷകൻ പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോ ഉള്ളയാളാണെന്ന അവകാശവാദത്തിന് ഉപോൽബലകമായി ഹാജരാക്കിയിട്ടുള്ള സമുദായ സർട്ടിഫിക്കറ്റിന്റെ സാധുത ഉറപ്പുവരുത്തുന്നതിനുവേണ്ടി, നിർണ്ണയിക്കപ്പെട്ട രീതിയിൽ സർക്കാർ രൂപീകരിക്കുന്ന ഒരു സ്ക്രീനിംഗ് കമ്മിറ്റിയെക്കൊണ്ട് പരിശോധിപ്പിക്കുന്നു. 25-5-1990-ലെ ജി.ഒ.(എംഎസ്.) 31/90/എസ്.സി./എസ്.റ്റി. ഡിഡി. നമ്പർ സർക്കാർ ഉത്തരവു പ്രകാരം രൂപീകരിക്കപ്പെട്ട സ്ക്രീനിംഗ് കമ്മിറ്റിയിൽ എൻട്രൻസ് എക്സാമിനേഷൻ കമ്മീഷണർ ചെയർപേഴ്സണും എസ്.സി./എസ്.റ്റി. വികസന വകുപ്പ് ഡയറക്ടർമാർ, കിർടാഡ്സ് ഡയറക്ടർ എന്നിവർ അംഗങ്ങളുമാണ്.

24. അപേക്ഷകൻ യഥാർത്ഥത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ പ്പെട്ടയാളാണോയെന്ന് സ്ക്രീനിംഗ് കമ്മിറ്റി വിദഗ്ദ്ധ ഏജൻസിയെക്കൊണ്ട് വിശദമായി അന്വേഷിപ്പിക്കുകയും അപേക്ഷകൻ അവകാശപ്പെടുന്നതുപോലെ അയാൾ പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോ ഉൾപ്പെടുന്നില്ലെങ്കിൽ അപേക്ഷ നിരസിക്കുകയും ചെയ്യുന്നു. തഹസിൽദാർ നൽകുന്ന സർട്ടിഫിക്കറ്റ് ഒരു കോമ്പിറ്റന്റ് അതോറിറ്റി ക്യാൻസൽ ചെയ്യുമ്പോൾ മാത്രമാണ് അപേക്ഷകന് ആനുകൂല്യം കിട്ടാതാകുന്നത്.

സ്ക്രീനിംഗ് കമ്മിറ്റിക്കു മുമ്പാകെ വരുന്ന കേസുകൾ എത്രയും വേഗം തീർപ്പാക്കണമെന്നും എൻട്രൻസ് എക്സാമിനേഷനിൽ ഏർപ്പെടുത്തിയിട്ടുള്ളതുപോലെ ഒരു സ്ക്രീനിംഗ് കമ്മിറ്റി കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ ഏർപ്പെടുത്തിയാൽ വ്യാജ ജാതിസർട്ടിഫിക്കറ്റ് കരസ്ഥമാക്കി അനർഹരായവർ ജോലി സമ്പാദിക്കുന്നത് ഒരു പരിധിവരെ ഒഴിവാക്കാൻ സാധിക്കുമെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ വ്യാജ ജാതിസർട്ടിഫിക്കറ്റ് കരസ്ഥമാക്കി സർക്കാർ സർവ്വീസിൽ പ്രവേശിക്കുന്നത് സംബന്ധിച്ചുള്ള കേസ്സുകൾ ഒരു പരിധിവരെ ഒഴിവാക്കുന്നതിനായി ഒരു സ്ക്രീനിംഗ് കമ്മിറ്റി കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

25. സ്ക്രൂട്ടിനി കമ്മിറ്റിക്ക് കിർടാഡ്സ് സമർപ്പിക്കുന്ന അന്വേഷണ റിപ്പോർട്ടുകൾ അന്തിമ തീരുമാനത്തിനായി കമ്മിറ്റിയുടെ പരിഗണനയിലിരിക്കുന്നതോടൊപ്പംതന്നെ സ്ക്രൂട്ടിനി കമ്മിറ്റിയുടെ സാധുതയെയും തീരുമാനങ്ങളെയും ബഹു. കേരള ഹൈക്കോടതിയിൽ ചോദ്യം ചെയ്യപ്പെടുകയും 1996-ലെ 11-ാം ആക്റ്റ് അനുസരിച്ചുള്ള പുനരന്വേഷണത്തിന് കോടതി ഉത്തരവിടുകയും ചെയ്യുന്ന സന്ദർഭങ്ങൾ ഉണ്ടാകുന്നു. ഇത്തരം പുനരന്വേഷണങ്ങൾ നിലവിലുള്ള കേസുകളുടെ അന്വേഷണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് തടസ്സമാകുന്നു. കിർടാഡ്സ് റിപ്പോർട്ട് നൽകിയതിന്റെ അടിസ്ഥാനത്തിൽ സ്ക്രൂട്ടിനി കമ്മിറ്റി എടുക്കുന്ന തീരുമാനങ്ങൾ ചോദ്യം ചെയ്തുകൊണ്ട് ബഹു. ഹൈക്കോടതി മുമ്പാകെ കേസുകൾ ഫയൽ ചെയ്യുകയും കോടതി സ്റ്റേ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നത് സർക്കാർ തലത്തിൽ സ്വീകരിക്കുന്ന തുടർനടപടികൾ അനിശ്ചിതമായി വൈകുന്നതിന് ഇടയാക്കുന്നതായി സമിതിക്ക് ബോധ്യപ്പെട്ടു. ഇത് ഒഴിവാക്കുന്നതിനായി ബഹു. ഹൈക്കോടതി സ്റ്റേ ഉത്തരവ് നൽകുന്നതിനു മുമ്പ് സ്ക്രൂട്ടിനി കമ്മിറ്റി ചെയർപേഴ്സണായ പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് സെക്രട്ടറിയെ നേരിൽ കേൾക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനുള്ള സാധ്യത പട്ടികജാതി വികസന വകുപ്പ് സെക്രട്ടറിയുമായുള്ള തെളിവെടുപ്പുവേളയിൽ സമിതി ആരാഞ്ഞിരുന്നു. നിയമവകുപ്പുമായി ആലോചിച്ച് തീരുമാനമെടുക്കേണ്ട ഒരു വിഷയമാണിതെന്നും പ്രസ്തുത വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞതിനുശേഷം ഇതു സംബന്ധിച്ച മറുപടി ലഭ്യമാക്കുന്നതാണെന്നും സമിതിക്ക് ഉറപ്പു ലഭിച്ചിരുന്നു. പ്രസ്തുത വിഷയത്തിന്മേൽ പട്ടികജാതി പട്ടികവർഗ്ഗ വികസന(ജി) വകുപ്പിൽ നിന്നും ലഭിച്ച റിപ്പോർട്ടിൽ സ്ക്രൂട്ടിനി കമ്മിറ്റി തീരുമാനം കോടതിയിൽ ചോദ്യം ചെയ്യപ്പെട്ടാൽ പ്രസ്തുത വിഷയം കോടതിയുടെ പരിഗണനയിൽപ്പെടുന്ന ഒന്നായിമാറുമെന്നും, കോടതിയുടെ പരിഗണനയിലിരിക്കുന്ന ഒരു വിഷയത്തിൽ, സ്റ്റേ അനുവദിക്കുന്നതിന് മുമ്പ് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സെക്രട്ടറിയെ ഹിയർ ചെയ്യണമെന്ന വ്യവസ്ഥ പുറപ്പെടുവിക്കുന്നതിന് എക്സിക്യൂട്ടീവിന്റെ ഭാഗമായ സർക്കാരിന് അധികാരമില്ലായെന്നുമാണ് നിയമവകുപ്പ് അഭിപ്രായപ്പെട്ടിരിക്കുന്നത്.

26. സംസ്ഥാനത്ത് ഓരോ ജില്ലയിലും ഉള്ള ആദിവാസികളെ സംബന്ധിച്ചും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ ഏതൊക്കെയാണെന്നും അവർ ഏതൊക്ക പ്രദേശങ്ങളിലാണ് കാണപ്പെടുന്നതെന്നുമുള്ള വിവരങ്ങൾ ശേഖരിച്ച് കിർടാഡ്സ് സൂക്ഷിക്കേണ്ടതാണെന്ന് സമിതി നിർദ്ദേശിക്കുന്നു. കൂടാതെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗം, ആദിവാസികൾ എന്നിവർക്ക് അവരുടെ ആചാരപരമായ സ്ഥാനപ്പേരുകൾ

എന്തൊക്കെയാണെന്നുള്ള വിവരം കൂടി ശേഖരിച്ചുവയ്ക്കണമെന്നും അല്ലാത്തപക്ഷം ഇവർക്കിടയിൽ ഉള്ള ആചാരപരമായ സ്ഥാനപേരുകൾമൂലം അവരെ ജാതിയിലെ ഉപവിഭാഗമായി മാറ്റുവാനും അതുവഴി അവർക്കുള്ള ആനുകൂല്യങ്ങൾ നിഷേധിക്കുവാനും ഇടയുണ്ടാകുമെന്നതിനാൽ ഇക്കാര്യം സർക്കാർ സഗൗരവം പരിഗണിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

27. പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ആനുകൂല്യങ്ങൾ വ്യാജ ജാതിസർട്ടിഫിക്കറ്റ് കരസ്ഥമാക്കി നേടുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിച്ചാൽ മാത്രമേ ഈ രംഗത്തെ ചൂഷണം അവസാനിപ്പിക്കുവാൻ സാധിക്കുകയുള്ളൂവെന്നാണ് സമിതിയുടെ സുചിന്തിതമായ അഭിപ്രായം. ജാതിസർട്ടിഫിക്കറ്റ് നൽകാൻ നിയുക്തരായ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് ജാതി തരംതിരിക്കലിനെപ്പറ്റി പരിശീലന പരിപാടികൾ സംഘടിപ്പിക്കുക, ജാതിസർട്ടിഫിക്കറ്റ് നൽകുന്നത് സംബന്ധിച്ച് ഗവൺമെന്റ് ഉത്തരവുകൾ ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും യഥാസമയം ലഭ്യമാക്കുക, പട്ടികജാതി പട്ടികവർഗ്ഗ ലിസ്റ്റ് കുറ്റമറ്റതാക്കുക, അനർഹർ നുഴഞ്ഞു കയറാൻ സാധ്യതയുള്ളതും തെറ്റായ രീതിയിൽ രേഖപ്പെടുത്തുവാൻ സാധ്യതയുള്ളതുമായ സമുദായങ്ങൾ ഏതൊക്കെയാണെന്നും അതിനെപ്പറ്റിയുള്ള പരിശീലനം സെൻസസ് വകുപ്പിലെ ഉദ്യോഗസ്ഥർക്ക് നൽകുക, എല്ലാ സമുദായങ്ങളുടെയും സാംസ്കാരിക സവിശേഷതകൾ പ്രതിപാദിക്കുന്ന നരവംശ ശാസ്ത്ര പഠന ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുക, കിർടാഡ്സിലെ നരവംശശാസ്ത്ര ഗവേഷണ വിഭാഗം കൂടുതൽ ശക്തിപ്പെടുത്തിയും ശാസ്ത്ര സാങ്കേതിക സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്തുകൊണ്ട് വ്യാജ സമുദായങ്ങളെ സംബന്ധിച്ച അറിവ് ബന്ധപ്പെട്ട റവന്യൂ അധികാരികൾക്ക് താമസംവിനാ നൽകാൻ സംവിധാനമുണ്ടാക്കുക, പട്ടികജാതി/ പട്ടികവർഗ്ഗക്കാരുടെ പേരിൽ അനർഹമായി ജോലി, വിദ്യാഭ്യാസാനുകൂല്യങ്ങൾ, മറ്റു സൗജന്യങ്ങൾ എന്നിവ കൈപ്പറ്റുന്നവരെ മാതൃകാപരമായി ശിക്ഷിക്കുവാനുള്ള പുതിയ വ്യവസ്ഥകൾ ഉൾപ്പെടുത്തുക തുടങ്ങിയ നടപടികൾ സ്വീകരിച്ചുകൊണ്ട് വ്യാജ ജാതിസർട്ടിഫിക്കറ്റ് സംബന്ധിച്ച തട്ടിപ്പുകൾ പരമാവധി ദൂരീകരിക്കുവാൻ ആവശ്യമായ ആത്മാർത്ഥമായ പരിശ്രമം സർക്കാർ നടത്തുമെന്ന് സമിതി പ്രത്യാശിക്കുന്നു.

തിരുവനന്തപുരം,
2014 ജനുവരി 13.

വി. പി. സജീന്ദ്രൻ,
*ചെയർമാൻ,*
*പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമസമിതി.*

## അനുബന്ധം I

## സമിതിയുടെ നിർദ്ദേശങ്ങളും ശിപാർശകളും

| *ക്രമ നമ്പർ* | *സമിതിയുടെ നിർദ്ദേശങ്ങൾ/ശിപാർശകൾ* | *ഖണ്ഡിക നമ്പർ* | *വകുപ്പ്* |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | സ്ക്രൂട്ടിനി കമ്മിറ്റിക്ക് അടിയന്തരമായി ചെയർമാനെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ കിർടാഡ്സിന്റെ കേസുകൾ കൈകാര്യം ചെയ്യാൻ ഒരു സ്റ്റാൻഡിംഗ് കൗൺസിൽ രൂപീകരിക്കുന്നതിനും കിർടാഡ്സിന് പട്ടികജാതി വികസന ഫണ്ട് ലഭ്യമാക്കുന്നതിനും വേണ്ട നടപടി കൈക്കൊള്ളണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | 11 | പട്ടികജാതി പട്ടികവർഗ്ഗ വികസനം |
| 2 | നിലവിൽ സംസ്ഥാനതലത്തിൽ പ്രവർത്തിക്കുന്ന സ്ക്രൂട്ടിനി കമ്മിറ്റികൾ വികേന്ദ്രീകരിച്ച് ജില്ലാടിസ്ഥാനത്തിൽ കളക്ടർ ചെയർമാനായും റവന്യൂ ഡിവിഷണൽ ഓഫീസർ, പട്ടികജാതി വികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ എന്നിവരും കിർടാഡ്സിലെ ഒരു നരവംശ ശാസ്ത്രജ്ഞനും (Anthropologist) അംഗങ്ങളായും ഉള്ള ഒരു സ്ക്രൂട്ടിനി കമ്മിറ്റി രൂപീകരിച്ച് ജില്ലാടിസ്ഥാനത്തിൽ തന്നെ പരാതികൾക്ക് തീർപ്പ് കൽപ്പിക്കത്തക്ക രീതിയിൽ എല്ലാ ജില്ലകൾക്കും ഓരോ ജില്ലാതല സ്ക്രൂട്ടിനി കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | 12 | ” |
| 3 | വ്യാജ ജാതിസർട്ടിഫിക്കറ്റ് സംബന്ധിച്ചുള്ള ഒ.ബി.സി. വിഭാഗത്തിലെ ജില്ലാതല കേസുകൾ കൈകാര്യം ചെയ്യുന്നതിന് റിസർച്ച് അസിസ്റ്റന്റുമാരുടെ 14 തസ്തികകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | 13 | ” |

| (1) | (2) | (3) | (4) |
|---|---|---|---|
| 4 | 15-12-1987-ൽ 18421/ഇ2/87/പജ.പവ.വിവ. നമ്പരായി സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച സർക്കുലറിലെ വ്യവസ്ഥകൾ കർശനമായി പാലിക്കുവാൻ ബന്ധപ്പെട്ടവർ നിഷ്കർഷ പാലിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | 14 | പട്ടികജാതി പട്ടികവർഗ്ഗ വികസനം |
| 5 | സ്ക്രൂട്ടിനി കമ്മിറ്റി മുമ്പാകെ വിളിക്കപ്പെടുന്ന വ്യക്തിക്ക് ചട്ടപ്രകാരം ഹിയറിംഗിൽ നിന്നും വിട്ടുനിൽക്കുന്നതിന്/ഹാജരാകുന്ന തിൽനിന്നും ഒഴിവ് അനുവദിച്ചു നൽകുന്നതിന് വ്യക്തമായ ഒരു സമയപരിധി വയ്ക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. വ്യാജ ജാതിസർട്ടിഫിക്കറ്റുമായി ബന്ധപ്പെട്ട മേൽപ്പറഞ്ഞ 85 കേസുകളുടെയും വിശദ വിവരങ്ങൾ അടിയന്തരമായി ലഭ്യമാക്കണ മെന്ന് സമിതി ആവശ്യപ്പെടുന്നു. | 19 | ,, |
| 6 | എസ്.സി./എസ്.റ്റി. വിഭാഗത്തിന് നഷ്ടപ്പെട്ട ആനുകൂല്യം തിരിച്ചുകിട്ടുന്നതിന് നിലവിൽ വ്യവസ്ഥയില്ലാത്ത സ്ഥിതിവിശേഷം ഭാവിയിൽ ആവർത്തിക്കപ്പെടാതിരിക്കുവാൻ ആവശ്യമായ നിയമനിർമ്മാണം നടത്തണ മെന്നും നിലവിൽ കോടതി സ്റ്റേയുടെ അടിസ്ഥാനത്തിൽ സർവ്വീസിൽ തുടരുന്ന വരുടെ കേസ്സുകൾ സമയബന്ധിതമായി തീർക്കാൻ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | 20 | ,, |
| 7 | സ്ക്രൂട്ടിനി കമ്മിറ്റി മുമ്പാകെ വരുന്ന വ്യാജ ജാതിസർട്ടിഫിക്കറ്റുമായി ബന്ധപ്പെട്ട കേസുകൾ കൈകാര്യം ചെയ്യുന്നതിനായി ക്വാസൈ ജുഡീഷ്യൽ അധികാരമുള്ള ഒരു ഉദ്യോഗസ്ഥനെ സ്പെഷ്യൽ ഓഫീസറായി നിയമിക്കുന്നതിനുവേണ്ട നടപടികൾ കൈക്കൊള്ളണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | 22 | ,, |

| (1) | (2) | (3) | (4) |
|---|---|---|---|
| 8 | വ്യാജ ജാതിസർട്ടിഫിക്കറ്റ് കരസ്ഥമാക്കി സർക്കാർ സർവ്വീസിൽ പ്രവേശിക്കുന്നത് സംബന്ധിച്ചുള്ള കേസ്സുകൾ ഒരു പരിധി വരെ ഒഴിവാക്കുന്നതിനായി ഒരു സ്ക്രീനിംഗ് കമ്മിറ്റി കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | 24 | പട്ടികജാതി പട്ടികവർഗ്ഗ വികസനം |
| 9 | സംസ്ഥാനത്ത് ഓരോ ജില്ലയിലും ഉള്ള ആദിവാസികളെ സംബന്ധിച്ചും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ ഏതൊക്കെയാണെന്നും അവർ ഏതൊക്കെ പ്രദേശങ്ങളിലാണ് കാണപ്പെടുന്നതെന്നുമുള്ള വിവരങ്ങൾ ശേഖരിച്ച് കിർടാഡ്സ് സൂക്ഷിക്കേണ്ടതാണെന്ന് സമിതി നിർദ്ദേശിക്കുന്നു. കൂടാതെ പട്ടികജാതി പട്ടികവർഗ്ഗവിഭാഗം, ആദിവാസികൾ എന്നിവർക്ക് അവരുടെ ആചാരപരമായ സ്ഥാനപേരുകൾ എന്തൊക്കെയാണെന്നുള്ള വിവരംകൂടി ശേഖരിച്ചു വയ്ക്കണമെന്നും അല്ലാത്തപക്ഷം ഇവർക്കിടയിൽ ഉള്ള ആചാരപരമായ സ്ഥാനപേരുകൾമൂലം അവരെ ജാതിയിലെ ഉപവിഭാഗമായി മാറ്റുവാനും അതുവഴി അവർക്കുള്ള ആനുകൂല്യങ്ങൾ നിഷേധിക്കുവാനും ഇടയുണ്ടാകുമെന്നതിനാൽ ഇക്കാര്യം സർക്കാർ സഗൗരവം പരിഗണിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | 26 | ” |

അനുബന്ധം II

## മതപരിവർത്തനം നടത്തിയ പട്ടികജാതിക്കാർക്കായി ജാതിസർട്ടിഫിക്കറ്റ് നൽകുന്നതിന് സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച സർക്കുലർ (ഖണ്ഡിക 14)

# കേരള സർക്കാർ

## പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പ്

### സർക്കുലർ

നമ്പർ 18421/ഇ2/87/പജ.പവ.വിവ. *തിരുവനന്തപുരം, 15-12-1987.*

വിഷയം:—മതപരിവർത്തനം നടത്തിയ പട്ടികജാതിക്കാർക്ക് ജാതിസർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള നടപടിക്രമം സംബന്ധിച്ച മാർഗ്ഗരേഖകൾ പുറപ്പെടുവിക്കുന്നു.

സൂചന:—27-7-1987-ലെ സർക്കാർ ഉത്തരവ് (കയ്യെഴുത്ത്) നമ്പർ 34/07/പജ.പവ.വിവ.

പട്ടികജാതിയിൽനിന്നും ക്രിസ്തുമതം സ്വീകരിച്ചവരോ അവരുടെ പിൻഗാമികളോ തിരികെ ഹിന്ദുമതം സ്വീകരിച്ചാൽ അവർക്ക് ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള നടപടിക്രമം ഗവൺമെന്റ് മേൽ സൂചിപ്പിച്ച സർക്കാർ ഉത്തരവ് പ്രകാരം നിശ്ചയിക്കുകയുണ്ടായി. എന്നാൽ ഈ ഉത്തരവ് പ്രകാരം ജാതി സർട്ടിഫിക്കറ്റ് നൽകുന്ന കാര്യത്തിൽ ചില റവന്യൂ ഉദ്യോഗസ്ഥൻമാർ മനഃപ്പൂർവ്വം പ്രശ്നങ്ങൾ സൃഷ്ടിച്ച് കാലതാമസം ഉണ്ടാക്കുന്നതായി പരാതികൾ ഗവൺമെന്റിന് ലഭിച്ചുവരുന്നു. നിശ്ചിത സമയപരിധിക്കുള്ളിൽ ജാതിസർട്ടിഫിക്കറ്റ് ഹാജരാക്കുവാൻ സാധിക്കാതെ വരുന്നതിലൂടെ സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ആനുകൂല്യങ്ങൾ കരസ്ഥമാക്കാൻ സാധിക്കാതെവരുന്ന കേസുകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിനാൽ നിലവിലുള്ള പരാതികൾ ഒഴിവാക്കുന്നതിനും യഥാർത്ഥ പട്ടികജാതിക്കാർക്ക് ജാതിസർട്ടിഫിക്കറ്റ് കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിനുംവേണ്ടി മതപരിവർത്തനം നടത്തിയ പട്ടികജാതിക്കാർക്ക് ജാതിസർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള നടപടിക്രമം സംബന്ധിച്ച് താഴെപ്പറയുന്ന മാർഗ്ഗരേഖകൾ പുറപ്പെടുവിക്കുന്നു:

(i) മതംമാറ്റം നടത്തിയശേഷം ജാതിസർട്ടിഫിക്കറ്റിന് അപേക്ഷിക്കുന്ന വ്യക്തി തന്റെ അപേക്ഷ ബന്ധപ്പെട്ട വില്ലേജ് ആഫീസർക്ക് സമർപ്പിക്കേണ്ടതാണ്. ജാതിസർട്ടിഫിക്കറ്റിന് അപേക്ഷിക്കുന്ന വ്യക്തിയോട്, താഴെക്കാണുന്ന സർട്ടിഫിക്കറ്റുകൾ/വസ്തുതകൾ ഹാജരാക്കാൻ വില്ലേജ് ആഫീസർ ആവശ്യപ്പെടേണ്ടതാണ്:

1. അപേക്ഷകൻ മതപരിവർത്തനം നടത്തിയതിനെ സംബന്ധിച്ചുള്ള ഗസറ്റ് പരസ്യം (മതപരിവർത്തനത്തോടുകൂടി പേര്, ഒപ്പ് എന്നിവയിൽ മാറ്റം വന്നിട്ടുണ്ടെങ്കിൽ അതും ഗസറ്റ് വിജ്ഞാപനത്തിൽ വരേണ്ടതാണ്).

2. അപേക്ഷകനെ ഹിന്ദുമതത്തിലേക്ക് മതപരിവർത്തനം നടത്തിയ:

(എ) അഖിലഭാരത അയ്യപ്പ സേവാസംഘം

(ബി) ആൾ ഇന്ത്യാ ദയാനന്ദ സാൽവേഷൻ മിഷൻ (ആര്യസമാജ്, കേരള ബ്രാഞ്ച്, തിരുവനന്തപുരം)

(സി) കേരള ഹിന്ദു മിഷൻ, തിരുവനന്തപുരം

(ഡി) ശ്രീരാമദാസ മിഷൻ യൂണിവേഴ്സൽ സൊസൈറ്റി, ശ്രീ നീലകണ്ഠപുരം, തിരുവനന്തപുരം-695 581

(ഇ) കാലിക്കറ്റ് ആര്യസമാജ്, ആര്യസമാജ് മന്ദിർ, പുതിയറ പി. ഒ., കാലിക്കറ്റ്-673 004 എന്നീ അംഗീകൃത ഹിന്ദുമത സംഘടനകളിൽ ഏതിന്റെയെങ്കിലു മൊന്നിന്റെ സർട്ടിഫിക്കറ്റ്.

3. ഹിന്ദുമതത്തിലേക്ക് മതപരിവർത്തനം നടത്തിയ വ്യക്തിയുടെ ശുദ്ധികർമ്മത്തിൽ സംബന്ധിച്ചിരുന്ന ആൾക്കാരുടെ പേരുകളും പൂർണ്ണ മേൽവിലാസവും.

4. മതപരിവർത്തനം നടത്തിയ വ്യക്തിയെ തങ്ങളുടെ സമുദായത്തിലെ അംഗമായി അംഗീകരിച്ചിരിക്കുന്നുവെന്നും, മതപരിവർത്തനത്തിനുശേഷം അയാൾ ക്രിസ്ത്യാനിയായിട്ടല്ല, ഹിന്ദുവായിട്ടാണ് ജീവിക്കുന്നതെന്നും, മതം മാറിയ ആളിന്റെ ദേശത്ത് താമസിക്കുന്ന, അതേ സമുദായത്തിലെ ഉത്തരവാദപ്പെട്ട ആൾക്കാരിൽനിന്നുമുള്ള സർട്ടിഫിക്കറ്റ്.

(ii) മതംമാറിയ വ്യക്തിയുടെ പിതാവ്/പൂർവ്വികർ ക്രിസ്തുമതത്തിലേക്ക് മതപരിവർത്തനം നടത്തിയ പട്ടികജാതിക്കാരനാണോ/പട്ടികജാതിക്കാരനായിരുന്നുവോ എന്നും, മേൽപ്പറഞ്ഞ സർട്ടിഫിക്കറ്റുകളും രേഖകളും സാക്ഷ്യപത്രങ്ങളും പരിശോധിച്ചശേഷം വില്ലേജ് ഓഫീസർ അപേക്ഷ ലഭിച്ച് പരമാവധി പത്തുദിവസത്തിനകം ജാതിസർട്ടിഫിക്കറ്റ് നൽകേണ്ടതാണ്. മതംമാറി ഹിന്ദുവായി മാറുന്നതോടെ അവശക്രൈസ്തവർ പട്ടികജാതിക്കാരനായി മാറുന്നു. അയാളുടെ മാതാപിതാക്കളോ ബന്ധുക്കളോ ക്രിസ്ത്യാനികളായി തുടരുന്നുവെന്നത് ഇവിടെ അപ്രസക്തമാണ്. ഇത്തരം അപ്രസക്തമായ പ്രശ്നങ്ങൾ ഉന്നയിച്ച് ജാതി സർട്ടിഫിക്കറ്റ് നിരസിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

(iii) ജാതിസർട്ടിഫിക്കറ്റ് നൽകുവാൻ സാധിക്കാത്ത കേസുകളിൽ അപേക്ഷ ലഭിച്ച് പത്തു ദിവസത്തിനകം നിരസിക്കാനുള്ള കാരണം വ്യക്തമായി രേഖപ്പെടുത്തി അപേക്ഷകന് വില്ലേജ് ആഫീസർ മറുപടി നൽകേണ്ടതാണ്.

(iv) വില്ലേജ് തലത്തിൽ നിരസിക്കപ്പെടുന്ന കേസുകളിൽ അപേക്ഷകന് ജാതിസർട്ടിഫിക്കറ്റിനായി ബന്ധപ്പെട്ട തഹസിൽദാരെ സമീപിക്കാവുന്നതാണ്. തനിക്കു ലഭിക്കുന്ന അപേക്ഷ തഹസിൽദാർ നേരിട്ട് പരിശോധിച്ച്, ജാതി സർട്ടിഫിക്കറ്റ് പതിനഞ്ച് ദിവസത്തിനുള്ളിൽ നൽകേണ്ടതാണ്. സർട്ടിഫിക്കറ്റ് നൽകാതിരിക്കാൻ കാരണമുണ്ടെങ്കിൽ, അത് വ്യക്തമായി ചൂണ്ടിക്കാട്ടി പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ അന്വേഷണത്തിനും നിർദ്ദേശത്തിനുമായി പതിനഞ്ച് ദിവസത്തിനുള്ളിൽ തന്നെ അയച്ചുകൊടുക്കുകയും ആ വിവരം ബന്ധപ്പെട്ട അപേക്ഷകനെ അറിയിച്ചിരിക്കുകയും വേണം.

(v) തഹസിൽദാരിൽനിന്നും ലഭിക്കുന്ന റിപ്പോർട്ടിന്മേൽ പട്ടികജാതി വികസന ഡയറക്ടർ വിശദമായ അന്വേഷണം നടത്തി രണ്ട് മാസത്തിനുള്ളിൽ തീരുമാനം എടുക്കേണ്ടതാണ്. പട്ടികജാതി വികസന ഡയറക്ടറുടെ തീരുമാനം അപേക്ഷകന് അനുകൂലമാണെങ്കിൽ ജാതി സർട്ടിഫക്കറ്റ് നൽകുന്നതിനുള്ള നിർദ്ദേശം തഹസിൽദാർക്ക് നൽകേണ്ടതാണ്. പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ നിർദ്ദേശപ്രകാരം തഹസിൽദാർ ബന്ധപ്പെട്ട അപേക്ഷകന് ഉടനെ ജാതി സർട്ടിഫിക്കറ്റ് നൽകുകയും വേണം. പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ തീരുമാനം അപേക്ഷകന് പ്രതികൂലമാണെങ്കിൽ ആ വിവരം ബന്ധപ്പെട്ട അപേക്ഷകനേയും തഹസിൽദാരെയും അറിയിച്ചിരിക്കേണ്ടതാണ്. പട്ടികജാതി വികസന വകുപ്പ് ഡയറക്ടറിൽനിന്നും തഹസിൽദാർക്ക് ലഭിക്കുന്ന നിർദ്ദേശങ്ങൾ അറിവിലേക്കായി ബന്ധപ്പെട്ട വില്ലേജ് ഓഫീസറേയും തഹസിൽദാർ അറിയിച്ചിരിക്കണം.

(vi) വില്ലേജ് ആഫീസറും തഹസിൽദാറും ഇപ്രകാരം മതപരിവർത്തനം നടത്തിയവർക്ക് നൽകുന്ന ജാതിസർട്ടിഫിക്കറ്റ് പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് ജാതിസർട്ടിഫിക്കറ്റ് നൽകുന്നതിന് 9-1-1979-ലെ ജി.ഒ.(എംഎസ്.) നമ്പർ 6/79/ഡി.ഡി. പ്രകാരം നിശ്ചയിച്ചിട്ടുള്ള മാതൃകയിലായിരിക്കണം. ഇത്തരം സർട്ടിഫിക്കറ്റുകളിൽ 15-12-2007-ലെ 18421/ഇ2/87/പജ.പവ.വിവ. നമ്പർ സർക്കുലറിൽ പറഞ്ഞിരിക്കുന്ന മാർഗ്ഗരേഖകൾ പാലിച്ചതിനുശേഷമാണ് ജാതിസർട്ടിഫിക്കറ്റ് നൽകിയിരിക്കുന്നതെന്നും രേഖപ്പെടുത്തേണ്ടതാണ്.

(vii) ഈ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥന്മാരുടെ പേരിൽ ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

ജെ. ലളിതാംബിക,
*സെക്രട്ടറി.*

സെക്രട്ടറി, റവന്യൂ ബോർഡ്, തിരുവനന്തപുരം.

എല്ലാ ജില്ലാ കളക്ടർമാർക്കും.

റവന്യൂ ഡിവിഷണൽ ആഫീസർമാർക്കും.

തഹസിൽദാർമാർക്കും.

ഡയറക്ടർ, പബ്ലിക് റിലേഷൻ വകുപ്പ്.

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖക്കത്ത് സഹിതം).

പകർപ്പ്:—റവന്യൂ വകുപ്പ് (ഈ സർക്കുലർ റവന്യൂ വകുപ്പിന്റെ അംഗീകാരത്തോടെ പുറപ്പെടുവിക്കുന്നു.

സ്റ്റോക്ക് ഫയൽ.

---